ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX: 0471-2324951
email: celsgd@gmail.com
website: www.celsgd.com

നം: ഇ18/3736/2014/പെൻ/സിഇ/തസ്വഭവ

തീയതി: 01/01/2014

# സർക്കുലർ

1. തദ്ദേശസ്വയംഭരണ (ഇ.ഡബ്ലിയു) വകുപ്പിൽ നിന്ന് വിരമിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നീ ഉദ്യോഗസ്ഥരുടെ ലാസ്റ്റ് പേ ബിൽ കൗണ്ടർ സൈൻ ചെയ്യുന്നതിന് സമർപ്പിക്കുമ്പോൾ ഇവർ ജോലി ചെയ്തിരുന്ന ഓഫീസിലെ എം.ബുക്കുകൾ, ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ മുതലായവ ചാർജ്ജ് ഏറ്റെടുക്കുന്ന ഉദ്യോഗസ്ഥന് കൈമാറിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്, ആർ.റ്റി.സിയുടെ കോപ്പി എന്നിവ കൂടി ഹാജരാക്കേണ്ടതാണ്.

2. മുനിസിപ്പാലിറ്റികളിൽ നിന്ന് വിരമിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ പെൻഷൻ പ്രോപ്പോസലുകൾ അതാത് മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ (നോർത്ത്/സൗത്ത് സർക്കിൾ) മുഖാന്തിരം സമർപ്പിക്കേണ്ടതാണ്.

പെൻഷൻ ബുക്കിലും അനുബന്ധ രേഖകളിലും സാക്ഷ്യപ്പെടുത്തലുകളും ഒപ്പും രേഖപ്പെടുത്തി നൽകുവാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ ശ്രദ്ധിക്കേണ്ടതാണ്.

ചീഫ് എൻജിനീയർ

എൻ.പി/